# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 6563 | 12-07-2012-ൽ മറുപടിക്ക്

### ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത നിരക്കിലെ വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് ഏതെല്ലാം ഇനത്തിൽ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഗാർഹിക ഉപഭോക്താക്കൾക്ക താരിഫ് വർദ്ധനവ് ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാന റഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഇന്ധന (സർചാർജ്ജ് ഫോർമുല) റഗുലേഷൻസ് 2009 അനുസരിച്ച് കമ്മീഷൻ അനുവദിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ഇന്ധന വില വർദ്ധനവ് മൂലമുണ്ടാകുന്ന അധികബാധ്യത ഫ്യൂവൽസർചാർജ്ജായി ഈടാക്കുവാൻ നിയമം അനുശാസിക്കുന്നു. 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ ഒഴികെ എല്ലാ വിധ ഉപഭോക്താക്കളിൽ നിന്നും 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള കാലയളവിലേയ്ക്ക് 25 പൈസയും, 2011 ഏപ്രിൽ മുതൽ 2011 സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് 20 പൈസയും ഇന്ധനസർചാർജ്ജായി വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വൈദ്യുതി കണക്ഷൻ നല്കുന്നതിന് ഡിപ്പോസിറ്റ് പിരിക്കുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കാമോ? | (ബി) വൈദ്യുതി ആക്ട് 2003 സെക്ഷൻ 47(1) പ്രകാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള വൈദ്യുതി സപ്ലൈ കോഡ് 2005 സെക്ഷൻ 13,14,15 പ്രകാരവുമാണ് വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഡിപ്പോസിറ്റ് പിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.